പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 473</u> <u>22.07.2015 ൽ മറുപടിക്ക്</u>

## <u>സ്ത്രീസുരക്ഷാ പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീസുരക്ഷാ പദ്ധതി നടപ്പാക്കുന്നതുകൊണ്ട് വനിതകൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ നല്കാമോ: | (എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആഭ്യന്തര വകുപ്പ് 'നിർഭയകേരളം സുരക്ഷിതകേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതുമൂലം എതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് അടിയന്തിരമായ വൈദ്യസഹായം, നിയമസഹായം, കൗൺസലിംഗ്, സംരക്ഷണം എന്നിവയെല്ലാം ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്.<br>കുറ്റകൃത്യങ്ങൾക്കെതിരെ ജാഗ്രതാ പാലിക്കാനും മറ്റുമുള്ള ബോധവൽക്കരണം നൽകുകയും ആവശ്യസമയങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനും സഹായിക്കുന്നുണ്ട്.<br>സ്ത്രീ സുരക്ഷാപദ്ധതിയുമായി ബന്ധപ്പെട്ട് കേരളാ പോലീസ് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ റിസപ്ക്ഷനും ഹെൽപ്പ് ഡെസ്കുകളും പ്രവർത്തിച്ചുവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനിൽ നേരിട്ടും, ഫോൺ മുഖാന്തിരവുമുള്ള (1091) പരാതികൾ സ്വീകരിക്കുകയും ആയതിന് ഉടൻ പരിഹാരം നൽകുകയും ചെയ്യുന്നു. ജനമൈത്രി പോലീസ് സംവിധാനം, വുമൺ ഹെൽപ്പ് ഡെസ്ക് എന്നിവ മുഖാന്തിരം സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ നിർഭയമായി പറയുവാനും പരിഹരിക്കുവാനുമുള്ള അവസരമുണ്ട്. കൂടാതെ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2005, സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള 'നിർഭയ' എന്നീ പദ്ധതികൾ സമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഇതിലേയ്ക്കായി പ്രത്യേക പോലീസ് സെൽ രൂപീകരിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ പ്രസ്തുത സെൽ രൂപീകരിച്ച് ഈ പദ്ധതി മികച്ച രീതിയിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇതിനായി പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പദ്ധതി ഇപ്പോൾ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. |

Rajani .M

സെക്ഷൻ ഓഫീസർ